# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1142 11.06.2019 ൽ മറുപടിക്ക്**

**ദേശീയപാത വികസനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എൻ.എ ഖാദർ<br>,, കെ.എം.ഷാജി<br>ഡോ.എം. കെ. മുനീർ<br>ശ്രീ.സി.മമ്മൂട്ടി | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ദേശീയപാത വികസനകാര്യത്തിൽ കേന്ദ്ര സർക്കാർ മുൻഗണനാക്രമത്തിൽ മാറ്റം വരുത്തിയതിനെത്തുടർന്ന് സംസ്ഥാനത്ത് സംജാതമായ പുതിയ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ;<br><br>ബി) ഇതിനെത്തുടർന്ന് സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാടുകൾ വ്യക്തമാക്കുമോ; | എ) & ബി) ദേശീയപാത അതോറിറ്റി 02.05.2019, 09.05.2019 തീയതികളിലെ NHAI/OSD to Chairman/04/19 പ്രകാരം പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടികയിൽ സംസ്ഥാനത്തെ ദേശീയപാതാ വികസനം (കാസർഗോഡ് ജില്ല ഒഴികെ) high priority 1-ൽ നിന്നും high priority 2 ലേക്ക് തരം താഴ്ത്തിയിട്ടുള്ളതാണ്, പ്രസ്തുത ഉത്തരവിൽ high priority 2-ൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളിൽ 3D വിജ്ഞാപനങ്ങൾ 3G അവാർഡുകൾ, നഷ്ടപരിഹാരതുക വിതരണം ചെയ്യൽ/കെട്ടിവെക്കൽ എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ മുന്നോട്ട് പോകേണ്ടതില്ലെന്ന നിർദ്ദേശം റീജിയണൽ ഓഫീസർമാർക്ക് നൽകിയിട്ടുള്ളതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാത വികസനം മുഖ്യ അജണ്ടയായി കണക്കാക്കുകയും സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു ഉദ്യോഗസ്ഥ വൃന്ദങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നി ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതും, 3G അവാർഡുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മാത്രമല്ല എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾ അനന്തമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര ചെലവ് ക്രമാതീതമായി കൂടുകയും ജനസാന്ദ്രത കൂടിയ സംസ്ഥാനമെന്ന നിലയിൽ സ്ഥലമേറ്റെടുക്കൽ |

| | | | |
|---|---|---|---|
| | | | നടപടികൾ കൂടുതൽ സങ്കീർണ്ണമാകുന്ന അവസ്ഥ സംജാതമാവുകയും ചെയ്യുന്നതാണ്. NHAI ഇത്തരത്തിലുള്ള മുൻഗണനാക്രമം നിശ്ചയിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ ബഹു.മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടു വരികയും കേരളത്തിലെ മുഴുവൻ റീച്ചുകളും High Priority-I ൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടു കൊണ്ട് കേന്ദ്രമന്ത്രിക്കും, NHAI ചെയർമാനും പൊതുമരാമത്തും രജിസ്ട്രേഷൻ വകുപ്പ് മന്ത്രി കത്തയക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ചെറിയ ഭേദഗതി മുൻ ഉത്തരവിൽ വരുത്തിയിരിക്കുന്നു. High Priority-2 ലെ പ്രോജക്ടുകൾ ഉപേക്ഷിച്ചതായി കണക്കാക്കേണ്ട എന്നും ഭൂമിയെടുപ്പിന്റെ പുരോഗതിക്കനുസരിച്ച് NHAI ഹെഡ് ക്വാർട്ടേഴ്സിന്റെ അംഗീകാരത്തിനു വിധേയമായി ഏറ്റെടുക്കുന്നകാര്യം തീരുമാനിക്കുമെന്നാമാണ് ഭേദഗതി എങ്കിലും Priority list ൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. ഇക്കാര്യത്തിൽ കേന്ദ്രത്തിൽ സമർദ്ദം ചെലുത്തുന്നതിനായി വിഷയം MPs Conference ൻ്റെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) | ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ നൽകിയ എല്ലാ പരാതികളും പരിഹരിക്കപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | സി) | ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറി തീർപ്പ് കൽപ്പിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ